(ബി) മിസ്റ്റർ ഫിലിപ്പിന്റെ അവകാശങ്ങളെ അവഗണിച്ചു മിസ്റ്റർ നാരായണൻനായരെ സൂപ്രണ്ടാക്കിയതിന്മേൽ കൊടുത്തിരുന്ന പരാതിയെ സംബന്ധിച്ചുള്ളതും അധികനാൾ കാണാനില്ലാതിരുന്നതുമായ റിക്കാർഡുകൾ കണ്ടുപിടിച്ചോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവനന്തപുരം ഗവൺമെണ്ടു് പ്രസ്സിലെ സൂപ്രണ്ട സ്ഥാനം ഫെബ്രുവരി മേ മാസം വരെ—ഒന്നര- ഒഴിവുവന്നു.

(ബി) ശ്രീ. നാരായണൻനായരെ സൂപ്രണ്ടായി നിയമിച്ചിട്ടില്ല. എന്നാൽ സൂപ്രണ്ടിന്റെ ചാർജ് ശ്രീ. നാരായണൻനായക്കു കൊടുത്തിരുന്നു. അങ്ങനെ ശ്രീ. നാരായണൻനായക്കു് ചാർജ് നല്കിയതിനെപ്പറ്റി ഒരു ശ്രീ. ഫിലിപ്പു യാതൊരു പരാതിയും തന്നിട്ടില്ല. ആയതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

കായംകുളത്തെ വിദ്യാർത്ഥികളുടെ കല്ലേറു്

*വ്യ. (ഫ്ന) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞമാസത്തിൽ കായംകുളം ഹൈസ്കൂളിലെ ഏതാനും വിദ്യാർത്ഥികൾ ഒരു പ്രതിമക്കു് കല്ലേറു നടത്തിയതിൽ ആ സ്കൂളിലെ അദ്ധ്യാപകന്മാർക്കും ഹെഡ്മാസ്റ്റർക്കും അനുഭാവമുണ്ടായിരുന്നു എന്നു സൂചിപ്പിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആ സംഭവത്തെപ്പറ്റി ഗവൺമെണ്ടു് അന്വേഷണം നടത്തിയിട്ടുണ്ടോ?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന കാര്യത്തെപ്പറ്റി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണു് എനിക്കുള്ള അറിവു്. അങ്ങനെ റജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു കേസിനെ വിഷയമായിരിക്കുന്ന സംഭവം നടന്നതാണോ അല്ലയോ എന്നു ചോദ്യം ഈ സഭയിൽ ഉന്നയിക്കുകയും അതിനു മറുപടി പറയുകയും ചെയ്യുന്നതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: അങ്ങനെ ഒരു കേസ് ഉണ്ടുവിച്ചിട്ടുള്ളതായിട്ടു ഇതിൽ കാണുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഈ സഭയെ ആ വിവരം അറിയിച്ചിട്ടുണ്ടു്. കല്ലേറു നടത്തിയതിൽ അദ്ധ്യാപകന്മാർക്കും ഹെഡ്മാസ്റ്റർക്കും അനുഭാവം ഉണ്ടായിരുന്നു എന്നു സൂചിപ്പിച്ചുള്ള പത്ര റിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നുള്ള ചോദ്യത്തിൽ ആക്ഷേപകരമായി ഒന്നുമില്ല. ഉത്തരം ചിലപ്പോൾ ആക്ഷേപകരമായി വന്നേയ്ക്കാം. അങ്ങനെ വന്നാൽ ആ ഉത്തരം അനുവദിക്കുകയൊ രേഖപ്പെടുത്തുകയൊ ചെയ്യുന്നതല്ല.

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഗവൺമെണ്ടു് അന്വേഷണം നടത്തിയിട്ടില്ല. ഡിപ്പാർട്ടുമെണ്ടു് അന്വേഷണം നടത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly